"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26– കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് റിസ്ക്ഫണ്ട് പദ്ധതിക്കായി അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.22/2026/Co-Op തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:- 1. സ.ഉ (സാധാ) നം. 330/2025/സഹ തീയതി 14/07/2025.

2 സർക്കുലർ നം.35/2024/ധന തീയതി 12/06/2024

.

**ഉത്തരവ്**

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന സ്വാശ്രയ പദ്ധതിയായ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിക്കായി 700.00 ലക്ഷം രൂപ 2025-26 സാമ്പത്തികവർഷത്തിൽ 2425-107-80-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് .

2. പ്രസ്തുത തുക അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് റിസ്ക്ഫണ്ട് സ്കീമിലേയ്ക്കുള്ള ധനസഹായം പദ്ധതിയ്ക്കായി 100.00ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) 2425-107-80-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (3) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും, 2025-26സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

(അഗ്രി സി1/149/2023/ധന തീയതി 17/01/2026)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.(ബി3/142/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 21-01-2026 16:58:40

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.